## സർക്കുലർ

*Circular Letter No. 20/2020*
*Prot. No. 23484/2020*

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, വാൽസല്യമുള്ള കുട്ടികളേ,

നമ്മുടെ രാജ്യത്ത് കൊറോണാ വൈറസ് മൂലമുള്ള ലോക് ഡൗൺ ആരംഭിച്ചിട്ട് നാല് മാസം പിന്നിട്ട് കഴിഞ്ഞു. ഈ പകർച്ച വ്യാധി പൂർണ്ണമായും ഇല്ലാതായി ജനജീവിതം സാധാരണ ക്രമത്തിലാകാൻ ഇനിയും സമയമെടുക്കാനാണ് സാധ്യത. ദൈവം കനിഞ്ഞ് ഈ രോഗം ലോകത്ത് നിന്ന് പൂർണ്ണമായും മാറ്റാൻ വേണ്ടി പ്രാർത്ഥിക്കാം.

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ. 11:28-29) എന്ന് വാഗ്ദാനം ചെയ്ത കർത്താവായ ഈശോയാണ് നമ്മുടെ അഭയവും പ്രത്യാശയും. ഇസ്രായേൽക്കാരെ ചെങ്കടൽ വിഭജിച്ച് വഴി നടത്തുകയും മരുഭൂമിയിൽ പാറയിൽ നിന്നും ജലം പുറപ്പെടുവിച്ച് അവരുടെ ദാഹം തീർക്കുകയും ചെയ്ത ദൈവം ഈ പ്രതിസന്ധി ഘട്ടത്തിൽ നമ്മുടെ കൂടെ ഉണ്ട്. അതിനാൽ ഉറച്ച വിശ്വാസത്തോടെ നമ്മുടെ തെറ്റുകളെ കുറിച്ച് പശ്ചാത്തപിച്ചുകൊണ്ട് ദൈവത്തിന്റെ കരുണയ്ക്കായി പ്രാർത്ഥിക്കാം.

"നിന്നോട് കരുണയുള്ള കർത്താവ് അരുളി ചെയ്യുന്നു മലകൾ അകന്നുപോയേക്കാം, കുന്നുകൾ മാറ്റപ്പെട്ടേക്കാം, എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല. എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരികയുമില്ല" (ഏശയ്യ 54:10). ഈ തിരുവചനം നമുക്ക് ശക്തി പകരട്ടെ. ഈ ആഗസ്റ്റ് മാസം 7-ാം തീയതി ആദ്യ വെള്ളിയാഴ്ച നമ്മൾ രൂപതാതലത്തിൽ ഒരു പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാവരിൽ നിന്നും കൊറോണാ വൈറസ് നീക്കം ചെയ്യപ്പെടുന്നതിനും പ്രളയം

പോലെയുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനും നമ്മുടെ രൂപതയുടെ പൊതുവായ നിയോഗ ങ്ങൾക്കും വേണ്ടിയാണ് പ്രധാനമായും നമ്മൾ പ്രാർത്ഥിക്കുന്നത്. ആഗസ്റ്റ് 7-ന് സാധിക്കുന്നവരെല്ലാം ഉപവസിക്കുകയും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ഭവനങ്ങളിൽ ഇരുന്നും ദേവാലയം സന്ദർശിച്ചും പ്രാർത്ഥി ക്കുകയും ചെയ്യണം. ലോക് ഡൗൺ നിബന്ധനകൾ പൂർണ്ണമായി പാലിക്കേണ്ടതിനാൽ ദേവാലയത്തിൽ ആളുകൾ ഒരുമിച്ച് വരേണ്ടതില്ല. സമർപ്പിത ഭവനങ്ങളിലും ദേവാലയങ്ങളിലും സാധിക്കുംവിധം വിശുദ്ധ കുർബാനയുടെ ആരാധന നടത്തണം. കണ്ടെയ്ൻമെന്റ് സോണുകളിൽ ഉള്ളവർ സ്വന്തം ഭവനങ്ങളി ലിരുന്ന് പ്രാർത്ഥിച്ചാൽ മതിയാകുന്നതാണ്. ഓൺലൈൻ ആയിട്ടുള്ള ആരാധനയിൽ വീട്ടിലിരുന്നും പങ്കെടുക്കാവുന്ന താണല്ലോ. കാരുണ്യവാനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 ജൂലൈ മാസം 28 ന് നൽകപ്പെട്ടത്.

**മാർ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ